ചെയ്യും. കുടുംബസൗഭാഗ്യത്തെയും ആരോഗ്യസേവനത്തെയും പററി വർക്ക് ഷോപ്പുകൾ, ചർച്ചകൾ മുതലായവ ആരോഗ്യമന്ത്രാലയത്തിൻെറ ആലോചനയിലുണ്ട്. ടൂറിസംഡിപ്പാർട്ടുമെൻറിൻെറ പരിഗണനയിലുമുണ്ട്, ചില പരിപാടികൾ.

സർക്കാരിൻെറ പരിപാടികൾ എന്തായാലും നാട്ടിലെ ആയിരക്കണക്കിനുള്ള വിദ്യാർത്ഥി—യുവജന—സംഘടനകൾക്ക് അസുലഭമായ ഒരു പ്രവർത്തനാവസരമാണ് ലോകയുവജനവർഷാചരണംമൂലം കൈവന്നിട്ടുള്ളത്.

ഈ അവസരം അവർ വേണ്ടവിധത്തിൽ ഉപയോഗപ്പെടുത്തുമോ?

(26 ജൂൺ, 1984)

# 15. റോണാൾഡ് റെയ്ഗൻ വീണ്ടും

റോണാൾഡ് റെയ്ഗൻ അടുത്ത നാലു വർഷത്തേക്കുകൂടി അമേരിക്കയുടെ പ്രസിഡണ്ടായി 59 ശതമാനം വോട്ടുകളോടെ തെരഞ്ഞെടുക്കപ്പെട്ടിരിക്കുന്നു.

ഇതിൻെറ സ്വാഭാവികമായ അർത്ഥം, ആഭ്യന്തരരംഗത്തും വിദേശരംഗത്തും അമേരിക്ക ഇന്ന് അനുവർത്തിക്കുന്ന നയങ്ങൾ അടുത്ത നാലു വർഷങ്ങളിലും തുടരുമെന്നാണ്.

ഭൗതികസമ്പത്തുകൊണ്ടും ആയുധശക്തികൊണ്ടും ലോകരാഷ്ട്രങ്ങളുടെ മുമ്പിൽ നിലകൊള്ളുന്ന രാഷ്ട്രമാണ് അമേരിക്ക. അമേരിക്കയുടെ ആഭ്യന്തര—ബാഹ്യ—നയങ്ങൾ ലോകജനതയുടെ മുഴുവൻ യോഗക്ഷേമങ്ങളെ ഗുണകരമായോ ദോഷകരമായോ ബാധിക്കാതിരിക്കുകയില്ല. ഇക്കാരണത്താൽ അമേരിക്ക ബാഹ്യ—ആഭ്യന്തര—രംഗങ്ങളിൽ കൈക്കൊള്ളുന്ന നടപടികൾ, സാമാന്യമായെങ്കിലും, എല്ലാ രാജ്യങ്ങളിലുമുള്ള എല്ലാ ജനങ്ങളും മനസ്സിലാക്കിയിരിക്കണം.

അഗാധമായ ഒരു സാമ്പത്തികപ്രതിസന്ധിയിലൂടെ ലോകം കടന്നുപൊയ്ക്കൊണ്ടിരിക്കുകയാണ്. വ്യവസായങ്ങൾ വളരുന്നില്ല. അവയിൽ നിക്ഷേപിച്ച മൂലധനത്തിൽനിന്നു പര്യാപ്തമായ ലാഭം കിട്ടുന്നില്ല. തൊഴിലില്ലായ്മ വർദ്ധിച്ചുവരുന്നു. കൃഷിയും ആദായകരമല്ലാതായിത്തീർന്നിരിക്കുന്നു. കൃഷിക്കാർ കടംകേറി മുടിയാറായിരിക്കുന്നു. സാധനവിലകൾ കുതിച്ചുയരുന്നു. ദരിദ്രർ കൂടുതൽ ദരിദ്രരാവുന്നു.

ഈ കുഴപ്പങ്ങളെല്ലാം അമേരിക്കയിലുമുണ്ട്. പക്ഷേ, റെയ്ഗൻെറ ഭരണത്തിൻകീഴിൽ, ഇക്കഴിഞ്ഞ നാലു വർഷങ്ങളിൽ, അമേരിക്കയിലെ സാമ്പത്തിക പ്രതിസന്ധി രൂക്ഷമാവുകയുണ്ടായില്ല. 'സപ്ലൈ സൈഡ് ധനശാസ്ത്രം' എന്നു ധനശാസ്ത്രവിദഗ്ദ്ധർ വിളിക്കുന്ന സിദ്ധാന്തങ്ങളാണ് സാമ്പത്തികരംഗത്തിൽ റെയ്ഗൻ കൈക്കൊണ്ടത്. വ്യവസായത്തിൽ ഗവണ്മെൻറ് കൈകടത്താൻ പാടില്ലെന്നും, നികുതി പരമാവധി ചുരുക്കണമെന്നുമുള്ളതാണ് ഈ ധനശാസ്ത്രത്തിൻെറ കാതൽ. നിർമാണത്തെ നി

യന്ത്രിക്കേണ്ടതു് ആവശ്യം (മാർക്കററ്)ആണു്. റെയ്ഗൻെറ ഈ നയം അമേരിക്കയിൽ കുറെയൊക്കെ പ്രയോജനപ്പെട്ടു. അതേസമയം അമേരിക്കയിൽ ബാങ്കുകൾ പലിശനിരക്ക വളരെ വർദ്ധിപ്പിച്ചു. ലോകവിപണിയിൽ ഡോളറിനു വില വല്ലാതെ ഉയരാൻ ഇതു കാരണമായി. മററു രാജ്യങ്ങളിലെ, പ്രത്യേകിച്ച് യൂറോപ്യൻരാജ്യങ്ങളിലെ, നാണ്യങ്ങൾക്ക വിലയിടിഞ്ഞു. അമേരിക്കയുടെ സാമ്പത്തിക പുനരുജ്ജീവനം മററു രാജ്യങ്ങളെ സാമ്പത്തികമായി ചൂഷണംചെയ്തിട്ടായിരുന്നു. ഈ ചൂഷണത്തിൻെറ സമ്പ്രദായം വളരെ സങ്കീർണമാണെന്നു മാത്രം.

അമേരിക്കയുടെ സാമ്പത്തിക പുനരുജ്ജീവനത്തിൻെറ മറെറാരു തന്ത്രം ആയുധനിർമാണവും ആയുധവില്പനയുമായിരുന്നു. അമേരിക്ക സ്വന്തം ആയുധശക്തി വർദ്ധിപ്പിച്ചതുകൂടാതെ, ലോകമെങ്ങുമുള്ള പിന്തിരിപ്പൻ–സൈനിക–ഏകാധിപത്യങ്ങൾക്ക കുറെ വിലയ്ക്കും കുറെ സൗജന്യമായും, കണക്കററ ആയുധങ്ങൾ നൽകി. ഇപ്പോൾ അമേരിക്കയിലെ (എന്തിനു്, ലോകത്തിലെതന്നെ) എല്ലാ വൻകിടഫാക്ടറികളും നേരിട്ടോ അല്ലാതെയോ ആയുധ സൈനിക–വ്യവസായത്തിൽ പങ്കാളികളാണു്. ആയുധനിർമാണം അമേരിക്കയിലെ തൊഴിലില്ലായ്മയ്ക്കു് അയവുവരുത്തി. പക്ഷേ, ലോകം കൂടുതൽ കൂടുതൽ അണുയുദ്ധഭീഷണിക്ക വിധേയമായിത്തീർന്നു.

വിയററ്നാമിലെ പരാജയം, ഇറാനിൽ നേരിട്ട മാനഭംഗം മുതലായവനിമിത്തം അമേരിക്കയുടെ അന്തസ്സ് അങ്ങേയററം ഇടിഞ്ഞുപോയ ഒരു ഘട്ടത്തിലാണു്, നാലു കൊല്ലംമുമ്പു് റെയ്ഗൻ അമേരിക്കയുടെ പ്രസിഡണ്ടായതു്. അമേരിക്കയുടെ നഷ്ടപ്പെട്ട അന്തസ്സ് വീണ്ടെടുക്കുമെന്ന പ്രതിജ്ഞ ഒരളവോളം റെയ്ഗൻ നിറവേററി, അണ്വായുധങ്ങളുടെയും അവ ശത്രുലക്ഷ്യങ്ങളിലെത്തിക്കാനുള്ള വിമാനങ്ങൾ, മിസ്സൈലുകൾ, എന്നിവയുടെയും, ചാരപ്രവർത്തനത്തിനുള്ള ഇലക്ട്രോണിക് ഉപകരണങ്ങളുടെയും മററും നിർമാണത്തിൽ സോവിയററ്യൂണിയനെ അമേരിക്ക ബഹുദൂരം പിൻതള്ളി. ശക്തിയേറിയ ആററം–ഹൈഡ്രജൻ–ന്യൂട്രോൺ ബോംബുകൾ ഘടിപ്പിച്ച പലതരം മിസ്സൈലുകൾ യൂറോപ്പിൽ, റഷ്യയുടെ അതിർത്തിയിൽ, സ്ഥാപിക്കുന്നതിലും അമേരിക്ക വിജയിച്ചു. ഇത്തരം മിസ്സൈലുകൾ അമേരിക്കയിൽ കൂട്ടംകൂട്ടമായി ഭൂമിക്കടിയിൽ ഏതു നിമിഷവും റഷ്യയിലേക്ക വിക്ഷേപിക്കാൻ ഒരുക്കി സ്ഥാപിക്കുകയെന്ന ഭ്രാന്തൻപദ്ധതിയും അമേരിക്ക നടപ്പിലാക്കിവരികയാണു്. ഇതിനും പുറമെയാണ ബാഹ്യാന്തരീക്ഷത്തിൽ ആററംബോംബുകൾ പ്രയോഗസജ്ജങ്ങളാക്കി നിരത്തുന്നതിനുള്ള 'നക്ഷത്രയുദ്ധ'പരിപാടി. അടുത്ത നാലു വർഷങ്ങൾക്കകം ഈ പടിപാടിയും നടപ്പിൽ വന്നുകൂടായ്കയില്ല. ഇന്ത്യാസമുദ്രത്തിൽ ഡീഗോഗാർഷ്യ എന്ന ദ്വീപ് ബ്രിട്ടനോടു വാങ്ങി, അവിടത്തെ ആളുകളെ മുഴുവൻ ഒഴിപ്പിച്ചു്, അണ്വായുധസജ്ജങ്ങളായ വിമാനങ്ങളുടെയും കപ്പലുകളുടെയും വലിയ ഒരു കേന്ദ്രമാക്കി ആ ദ്വീപിനെ അമേരിക്ക മാററിത്തീർത്തിരിക്കുകയാണു്. ഇന്ത്യയുടെ തെക്കെ അററത്തുനിന്നു് ആയിരത്തോളം മൈൽ ദൂരെയാണിതു്. അറബിക്കടലും പേഴ്സ്യൻ ഉൾക്കടലും നിറയെ അമേരിക്കൻ പടക്കപ്പലുകൾ ഇപ്പോഴുണ്ടു്. ഈ പ്രദേശത്തു് പാകിസ്ഥാൻ, സൗദിഅറേബിയ മുതലായ പല സ്ഥലങ്ങളിലും അമേരിക്ക പട്ടാളത്താവളങ്ങളുണ്ടാക്കിയിട്ടുണ്ടു്, ഏഷ്യയുടെ തെക്കുപ്രദേശത്തു മുഴുവൻ ഉത്കടമായ യുദ്ധഭീഷണി ഉളവാകുകയാണു് ഇതിൻെറയെല്ലാം ഫലം.

പാലസ്തീനിലെ അറബികൾക്കെതിരായ ആക്രമണങ്ങളിൽ ഇസ്രാ

യേലിനേയും, കറുത്ത വർഗക്കാർക്കെതിരായ നടപടികളിൽ ദക്ഷിണാഫ്രിക്കയേയും അമേരിക്ക പിൻതാങ്ങുന്നു. ലോകരാഷ്ട്രസമൂഹത്തിൽനിന്നു് ഏറെക്കുറെ 'ഭ്രഷ്ടാക്കി'യാസ്യം'ചെയ്തു് അകററിനിർത്തപ്പെട്ട തെക്കെ ആഫ്രിക്ക ഇന്നു നിലനില്ക്കുന്നതു് അമേരിക്കയെ മാത്രം ആശ്രയിച്ചാണു്. ഹിററ്ലറുടെ ജർമനി ചെയ്തപോലെ പ്രകടമായിട്ടല്ലെങ്കിലും, തൊലിനിറത്തെ ആസ്പദമാക്കി ജനങ്ങൾക്കിടയിൽ വൈരംവളർത്തുന്ന ലോകത്തിലെ മുഖ്യശക്തി ഇന്നു് അമേരിക്കയാകുന്നു.

തെക്കെ അമേരിക്കയിൽ കമ്യൂണിസം കാലൂന്നിപ്പിക്കാതെ നോക്കുന്നതിനെന്ന പേരിൽ, ആ പ്രദേശത്തിലെ ദരിദ്രങ്ങളായ കൊച്ചുരാജ്യങ്ങളിൽ സൈനിക—ഏകാധിപത്യ—ഭരണം നിലനിർത്താൻ അമേരിക്ക പ്രകടമായിത്തന്നെ ശ്രമിച്ചുവരുന്നു. ഒരു പട്ടാളഭരണാധികാരിയുടെ ഏകാധിപത്യത്തിനെതിരെ നികറാഗ്വ എന്ന മദ്ധ്യ—അമേരിക്കൻരാജ്യത്തിൽ 1979—ൽ നടന്ന വിപ്ലവത്തിലൂടെ അധികാരത്തിൽവന്ന ജനകീയ ഗവണ്മെൻറിനെ അസ്ഥിരപ്പെടുത്താനും അട്ടിമറിക്കാനും, നേരിട്ടും അല്ലാതെയും, അമേരിക്ക ശ്രമിച്ചുകൊണ്ടിരിക്കുകയാണു്. ഈ നവംബർമാസത്തിൽ അവിടെ ഒരു പൊതുതെരഞ്ഞെടുപ്പു നടന്നു. ഇപ്പോൾ ഭരണം നടത്തുന്ന ഗവണ്മെൻറിനു് 68 ശതമാനത്തോളം വോട്ടുകിട്ടി. കഴിഞ്ഞ ആണ്ടിൽ 'ഗ്രനേഡ' എന്ന ചെറുരാജ്യത്തിലെന്നപോലെ, ഈ വരുന്ന ആണ്ടിൽ നികറാഗ്വയിലും അമേരിക്കൻപട്ടാളം ഇറങ്ങിക്കൂടായ്കയില്ല. നികറാഗ്വയുടെ അയൽപക്കമായ 'ഹോൺഡുറാസ്' എന്ന രാജ്യത്തിൽ ഇപ്പോൾത്തന്നെ ധാരാളം അമേരിക്കൻ പട്ടാളക്കാരുണ്ടു്. ഇതു പരസ്യമായ ഇടപെടലിൻെറ കാര്യം. രഹസ്യമായി അമേരിക്കൻ ചാരസംഘടനകൾ മധ്യ—ദക്ഷിണ—അമേരിക്കകളിൽ ചെയ്യാത്ത ഹീനകൃത്യങ്ങളില്ല. ഇതിൻഫലമായി, സോഷ്യലിസം പോയിട്ടു് ജനാധിപത്യംതന്നെ മധ്യ-ദക്ഷിണ_അമേരിക്കകളിൽ അസാദ്ധ്യമായിരിക്കുന്നു.

ദക്ഷിണാഫ്രിക്കയ്ക്കു പിൻതുണ നൽകുന്ന അമേരിക്ക യഥാർത്ഥത്തിൽ ചെയ്യുന്നതു സ്വാതന്ത്ര്യത്തിലേക്കും പുരോഗതിയിലേക്കുമുള്ള ആഫ്രിക്കൻ ജനവർഗങ്ങളുടെ പ്രയാണത്തെ തടസ്സപ്പെടുത്തുകയാണു്. ഇന്ത്യാസമുദ്രത്തിലെ അമേരിക്കൻ സൈനികസന്നാഹം ഏഷ്യയ്ക്കാകെ ഭീഷണിയാണു്. ജപ്പാനെ പുനരായുധവത്ക്കരിച്ചു്, ശാന്തസമുദ്രത്തിൽ ഒരിക്കലും മുങ്ങാത്ത ഒരു പടക്കപ്പലായി ആ രാജ്യത്തെ മാററിത്തീർക്കുകയാണു് അമേരിക്കയുടെ മറെറാരു ലക്ഷ്യം. റഷ്യയ്ക്കെതിരായി യൂറോപ്പിലെ ഏററവും കരുത്തുള്ള സൈനികശക്തിയായി പടിഞ്ഞാറെ ജർമനിയെ വളർത്തിക്കൊണ്ടുവരാനും അമേരിക്ക യത്നിക്കുന്നുണ്ടു്. സോവിയററ് റഷ്യയെ വളയുകയും, ശാശ്വതമായ അസ്ഥിരത ആ മഹാരാജ്യത്തു സൃഷ്ടിക്കുകയുമാണു് ഇതിൻെറയെല്ലാം ഉന്നം.

രണ്ടാംമഹായുദ്ധത്തിനുശേഷം ഐക്യരാഷ്ട്രസമിതി സ്ഥാപിക്കുമ്പോൾ ഉദ്ദേശിക്കപ്പെട്ടിരുന്നതു്, അമേരിക്ക, റഷ്യ, ബ്രിട്ടൻ, ഫ്രാൻസ്, ചൈന എന്നീ അഞ്ചു വൻശക്തികളുടെ അധികാരത്തിനു തടസ്സമുണ്ടാകാത്ത നിലയിൽ ലോകത്തിലെ മററു രാഷ്ട്രങ്ങൾക്കു തങ്ങളുടെ അഭിപ്രായങ്ങൾ പ്രകടിപ്പിക്കുവാൻ ഒരു അന്താരാഷ്ട്രീയ വേദി ഉളവാക്കുകയെന്നതാണു്. ഏതു തീരുമാനത്തെയും തള്ളിക്കളയുവാൻ സെക്യൂരിററി കൗൺസിലിൽ വൻശക്തികൾക്കു വീറേറാഅധികാരം നൽകിയതു് ഈ ഉദ്ദേശ്യത്തോടെയായിരുന്നു. ക്രമേണ ഐക്യരാഷ്ട്രസഭയിൽ പുതിയതായി സ്വാതന്ത്ര്യം നേടിയ ദരിദ്രരാജ്യങ്ങൾക്കു ഭൂരിപക്ഷം കൈവന്നു. 'ചേരിചേരാരാഷ്ട്രങ്ങൾ' എന്നോ 'മൂന്നാംചേരി'എന്നോ ഉള്ള പേരിൽ അവ വേറിട്ടു സംഘടിക്കുകയുംചെയ്തു. ഈ നിലയിൽ പല അമേരി

ക്കൻ നടപടികൾക്കം ഐക്യരാഷ്ട്രസഭയുടെ പിൻതുണ കിട്ടാതായി. വീറോ അധികാരം ഉപയോഗിച്ച് തങ്ങൾക്ക് ഇഷ്ടമുള്ളതു ചെയ്യാൻ ഇപ്പോഴും അമേരിക്കയ്ക്കു കഴിയുന്നുണ്ട്. എങ്കിലും ലോകവേദിയിൽ പല പ്പോഴും അമേരിക്ക നാണംകെട്ടുപോകുന്നു. ഇക്കാരണത്താൽ, റെയ്ഗന്റെ കീഴിൽ അമേരിക്ക ഐക്യരാഷ്ട്രസഭയെ എതിർത്തുതുടങ്ങിയിട്ടുണ്ട്. യുനെസ്കോ എന്ന ഐക്യരാഷ്ട്രസഭാഘടകത്തിൽനിന്നു് അമേരിക്ക വിട്ടുപോകുകയാണ്.

ലോകബാങ്കിനും അതിന്റെ മററു ഘടകങ്ങൾക്കമുള്ള സഹായം അമേരിക്ക പിൻവലിച്ച മട്ടാണ്. അന്താരാഷ്ട്രീയ തൊഴിൽസംഘടനയിൽ നിന്നു വിട്ടുപോകാൻ തീരുമാനിച്ചെങ്കിലും, ആ തീരുമാനം നടപ്പിലാക്കുകയുണ്ടായില്ല; ഇനി നടപ്പിലാക്കിക്കൂടെന്നില്ല. ചുരുക്കത്തിൽ ഐക്യരാഷ്ട്രസഭയെ ശക്തിപ്പെടുത്തുകയല്ല, അതിനെ നാമാവശേഷമാക്കുകയാണ് അമേരിക്കയുടെ ലക്ഷ്യം എന്നു തോന്നത്തക്ക നടപടികളാണ് ആ രാജ്യം കൈക്കൊണ്ടുവരുന്നതു്.

ആയുധപ്പന്തയത്തിൽ അയവുവരുത്തുന്നതു സംബന്ധിച്ച് സോവിയററ് റഷ്യയുമായി സംഭാഷണം നടത്താൻ തയ്യാറാണെന്നു് റെയ്ഗൻ കഴിഞ്ഞ തെരഞ്ഞെടുപ്പുകാലത്തു പ്രസ്താവിക്കുകയുണ്ടായി. തങ്ങൾക്കെതിരെ യൂറോപ്പിൽ അമേരിക്ക സ്ഥാപിച്ചിട്ടുള്ള അണുബോംബ്മിസ്സൈലുകൾ എടുത്തുമാററിയല്ലാതെ തങ്ങൾ സംഭാഷണത്തിനു തയ്യാറല്ല എന്നതാണ് റഷ്യയുടെ നിലപാട്. ഈ പരിതസ്ഥിതിയിൽ അമേരിക്കയും റഷ്യയും തമ്മിൽ ഫലപ്രദങ്ങളായ സംഭാഷണങ്ങൾ നടക്കാൻ സാദ്ധ്യത കുറവാണ്.

ദരിദ്രരാജ്യങ്ങൾക്ക് ആശ്വാസം നൽകുംവിധത്തിൽ ഒരു പുതിയ അന്താരാഷ്ട്രീയ സാമ്പത്തികക്രമം രൂപവത്കരിക്കാനാണ് ഇന്ദിരാഗാന്ധിയുടെ നേതൃത്വത്തിൽ ചേരിചേരാ രാജ്യങ്ങൾ വാദിച്ചുവന്നതു്. കടംവാങ്ങുന്നവരും കടംകൊടുക്കുന്നവരും തമ്മിൽ ഉഭയകക്ഷിസംഭാഷണങ്ങൾ നടത്തി പ്രശ്നം പരിഹരിക്കണമെന്നതാണ് അമേരിക്കയുടെ നില. ദരിദ്രരാജ്യങ്ങളിലെ പ്രസക്തിയുള്ള വാർത്തകൾ ശേഖരിച്ചു പ്രസിദ്ധീകരിക്കുന്ന ഒരു 'പുതിയ വാർത്താവിതരണക്രമം' സംവിധാനം ചെയ്യണമെന്നു് ആവശ്യപ്പെട്ടു എന്ന കാരണം പറഞ്ഞാണ് അമേരിക്ക യുനെസ്കോവിൽനിന്നു പിൻവാങ്ങുന്നതു്. അമേരിക്കയിലെ ഏ. പി., യു. പി. ഐ., ബ്രിട്ടനിലെ റോയ്ട്ടർ, ഫ്രാൻസിലെ എ. എഫ്. പി. എന്നീ നാലു വാർത്താസ്ഥാപനങ്ങൾ നൽകുന്ന വാർത്തകളെ ലോകം അറിയേണ്ടു എന്നത്രെ അമേരിക്കൻ നിലപാടിന്റെ അർത്ഥം.

ബൈബിളിൽ 'ആർമഗെദ്ദോൻ' എന്ന ഒരു സങ്കല്പമുണ്ടല്ലോ. ആർമഗെദ്ദോൻ (ലോകനാശം) തന്റെ കാലത്തുതന്നെ നടന്നുകൂടായ്കയില്ല എന്ന വിശ്വാസം റെയ്ഗൻ പരസ്യമായി പ്രകടിപ്പിച്ചിട്ടുണ്ട്. സോവിയററ് യൂണിയനെ അഞ്ചു നിമിഷത്തിനകം ആററംബോംബെറിഞ്ഞു തകർക്കാൻ താൻ കല്പന നൽകുന്നു എന്നു്, തമാശയായി ലോകം കേൾക്കേ, റെയ്ഗൻ പ്രസ്താവിച്ചതു് ഈയിടെയാണ്. വാർദ്ധക്യംമൂലം ധാരാളം മറവിയും ഏറെ തളർച്ചയും റെയ്ഗനു് ഉണ്ടാവുന്നതായി അമേരിക്കൻ വാർത്താമാധ്യമങ്ങൾ പ്രസ്താവിക്കുന്നുണ്ട്. ലോകത്തിലെ ഏററവുമധികം അധികാരമുള്ള, ഏററവുമധികം വിനാശസാദ്ധ്യതയുള്ള, ഉദ്യോഗം ഒരിക്കൽക്കൂടി എഴുപത്തിമൂന്നു വയസ്സായ ഈ വൃദ്ധന്റെ കൈകളിൽ എത്തിച്ചേർന്നിരിക്കുന്നു

ജനങ്ങളേ മനസ്സിലാക്കുക!

(10 നവംബർ, 1984)